## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 3394 — 12.12.2014-ൽ മറുപടിയ്ക്ക്

<u>പുതുതായി ബഡ്ജറ്റിൽ പ്രഖ്യാപിക്കപ്പെട്ട മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.രാജു എബ്രഹാം | | ശ്രീ. മഞ്ഞളാംകുഴി അലി (ബഹു. നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി) | |
| എ) | കേരളത്തിൽ പുതുതായി ബഡ്ജറ്റിൽ പ്രഖ്യാപിക്കപ്പെട്ട മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ഏതൊക്കെയാണ്; | എ) | 2013-2014 വർഷത്തേയ്ക്കുള്ള ബഡ്ജറ്റിൽ ഈരാറ്റുപേട്ട ഗ്രാമപഞ്ചായത്ത് മുനിസിപ്പാലിറ്റിയായി ഉയർത്തുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നു. എന്നാൽ 2014-15 വർഷത്തെ ബഡ്ജറ്റിൽ പുതുതായി മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും പ്രഖ്യാപിച്ചിട്ടില്ല. |
| ബി) | ഇവയുടെ പ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്നു വിശദമാക്കാമോ; നടപടികൾ പൂർത്തീകരിച്ച് എന്നത്തേക്ക് ഇവയുടെ പ്രവർത്തനം ആരംഭിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ; ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നത്? | ബി) | 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 4(2) പ്രകാരം ഒരു ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശം വിപുലപ്പെടുത്തുകയോ കുറയ്ക്കുകയോ ചെയ്യുന്ന യാതൊരു മാറ്റവും ആ പഞ്ചായത്തിലെ നിലവിലുള്ള ഭരണ സമിതിയുടെ കാലാവധി തീരുന്നമുറയ്ക്കല്ലാതെ പ്രാബല്യത്തിൽ വരുത്തുവാൻ പാടില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഈരാറ്റുപേട്ട ഗ്രാമപഞ്ചായത്തിന്റെ നിലവിലെ ഭരണ സമിതിയുടെ കാലാവധി 2015 ഒക്ടോബറിലാണ് അവസാനിക്കുന്നത്.<br>ഗ്രാമപഞ്ചായത്തുകൾ വിഭജിച്ച് പുതിയവ രൂപീകരിക്കുന്നതിനും നഗരസ്വഭാവം ആർജിച്ച ഗ്രാമപഞ്ചായത്തുകളെ മുനിസിപ്പാലിറ്റികളായി പരിവർത്തനപ്പെടുത്തുന്നതിനുമുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിനും അതിനനുസൃതമായി പഞ്ചായത്തുകളെ തെരെഞ്ഞെടുക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി പഞ്ചായത്ത് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉചിതമായ നടപടികൾ കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ